# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 029** July 13, 2025 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


# അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും അനിവാര്യത



അനുതാപത്തിന്റെയും ഏറ്റുപറച്ചിലിന്റെയും അനിവാര്യത വ്യക്തമാക്കുന്ന ലൂക്കായുടെ സുവിശേഷം 12-ാം അധ്യായം 57 മുതലുള്ള വാക്യങ്ങളാണ് ശ്ലീഹാക്കാലത്തിലെ ആറാം ഞായറാഴ്ചയിലേക്ക് പ്രവേശിക്കുമ്പോൾ സഭ വിചിന്തനത്തിനായി നമുക്ക് നൽകിയിരിക്കുന്നത്. ഇന്നത്തെ സുവിശേഷത്തിൽ രണ്ട് സമകാലിക സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസാരിക്കുന്ന യേശുവിനെ നാം കാണുന്നു. രണ്ടു സംഭവങ്ങളും പശ്ചാത്താപത്തിന്റെ ആവശ്യകത നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്.

യഹൂദ ദൈവാലയം നിലനിന്നിരുന്ന ജെറുസലേം പട്ടണത്തിന്റെ ഭരണവും നിയന്ത്രണവും സമുദ്രതീരത്തെ കേസറിയയിൽ താമസിച്ചിരുന്ന റോമൻ പ്രോക്കുറേറ്റർ പീലാത്തോസിന്റെ ചുമതലയിലായിരുന്നു. ജെറുസലേമിൽ നടക്കുന്ന പ്രധാന ആഘോഷവേളയിലെല്ലാം പീലാത്തോസ് വിശുദ്ധനഗരത്തിൽ വന്ന് ക്രമസമാധാനത്തിന്റെ ചുമതലകൾ നേരിട്ടു നിർവഹിച്ചിരുന്നു. വർഷത്തിൽ മൂന്ന് തീർഥാടന തിരുനാളുകൾ കൊണ്ടാടിയിരുന്നു. അങ്ങനെയൊരവസരത്തിൽ ഗലീലിയിൽ നിന്ന് ജെറുസലേമിൽ വന്ന ഏതാനും ഗലീലിയക്കാരെ ക്രമസമാധാനത്തിന്റെപേരിൽ പീലാത്തോസ് വധിച്ച കാര്യം സുവിശേഷത്തിൽ നാം വായിച്ചുകേട്ടു. ഈ കൂട്ട കൊലയോടു നാം ചേർത്തുവായിക്കേണ്ട മറ്റൊരു സംഭവം കൂടിയുണ്ട്. ജെറുസലേം പട്ടണത്തിന്റെ തെക്കുഭാഗത്തുള്ള സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണപ്പോൾ അതിനടിയിൽപെട്ട് 18 പേർ മരണമടഞ്ഞതിന്റെ ഓർമ്മ.

ദുരന്തത്തിൽപെട്ടവർ ജീവിച്ചിരുന്നവരെക്കാൾ വലിയ പാപികളാണെന്നു കരുതുന്നതിനു പകരം അവയെ ദൈവിക ഇടപെടലുകളും ക്ഷണങ്ങളുമായി കാണാനുള്ള കണ്ണുണ്ടാവണമെന്ന് സുവിശേഷകൻ ഓർമ്മിപ്പിക്കുന്നു. ഈ രണ്ടു സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ അവിടുന്ന് നമ്മെ ക്ഷണിക്കുകയാണ്. ക്രിസ്തുദർശനത്തിൽ ഭൗതിക ദുരന്തങ്ങളൊന്നും ദുരന്തങ്ങളല്ല. മാനസാന്തരപ്പെടാത്ത അവസ്ഥ മാത്രമാണ് അടിസ്ഥാന ദുരന്തം. മാനസാന്തരപ്പെട്ട് സ്വർഗത്തിൽ എത്താതിരിക്കുന്നതാണ് ശരിയായ നഷ്ടമായി നാം കരുതേണ്ടത്. അതുകൊണ്ട്, ചുറ്റിലും നടക്കുന്ന സംഭവങ്ങളോരോന്നും ഒരു മനംമാറ്റത്തിനു നമ്മെ പ്രേരിപ്പിക്കണം. അതുവഴി, സ്വന്തം കാഴ്ചപ്പാടുകളും ചിന്താരീതികളും മാറ്റിയെടുക്കാൻ നമുക്കു സാധിക്കണം.

ചെയ്തുപോയ പാപങ്ങൾ വലിയ അനുതാപത്തോടെ ഏറ്റുപറയാൻ തയ്യാറാകുമ്പോഴാണ് നാം ഓരോരുത്തരും ദൈവസന്നിധിയിൽ അനുഗ്രഹിക്കപ്പെടുന്നത്. സിലോഹായിലെ ഗോപുരം തകർന്ന് മരണമടഞ്ഞവരുടെ ജീവിതം മുൻനിർത്തി ഈശോ നമ്മെയും ഓർമ്മപ്പെടുത്തുന്നത് ഇതുതന്നെയാണ്. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നാമെല്ലാവരും അതുപോലെ നശിക്കും. തെറ്റ് ചെയ്തിട്ടും അതിനെ യുക്തിപൂർവം ന്യായീകരിക്കാനുള്ള പരിശ്രമമാണ് അധികവും നടക്കുന്നത്. ജൂബിലി വർഷത്തോടനുബന്ധിച്ച് സഭയുടെ തെറ്റുകൾക്ക് മാപ്പ് ചോദിച്ച വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറയുകയുണ്ടായി: "തെറ്റ് ചെയ്തിട്ടും പാപബോധമില്ലാതെ അതിൽതന്നെ തുടരുന്നു എന്നുള്ളതാണ് ആധുനിക ലോകത്തെ ഏറ്റവും വലിയ തിന്മ."

ഇന്നത്തെ രണ്ടു പഴയനിയമവായനകളും നമ്മെ ഓർമ്മിപ്പിക്കുന്നത് കർത്താവിന്റെ ചട്ടങ്ങളും കൽപനകളും പാലിച്ചുകൊണ്ട് അവിടുത്തോട് ചേർന്നുനിൽക്കേണ്ട ആവശ്യകതയെയാണ്. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനം, എല്ലാം ദൈവമഹത്വത്തിനായി ചെയ്യേണ്ടതിന്റെ ആവശ്യകത നമുക്ക് പറഞ്ഞുതരുന്നു.

ഇന്നത്തെ സുവിശേഷം പ്രധാനമായും നമ്മോട് ആവശ്യപ്പെടുന്നത്, ഒന്നാമതായി, പശ്ചാത്തപിക്കുന്ന ഹൃദയവുമായി കർത്താവിന്റെ അടുത്തേക്കു കടന്നുവരാനാണ്. മാനസാന്തര പ്രക്രിയ വഴി രണ്ടു മാറ്റങ്ങൾ ഈശോ നമ്മിൽനിന്നു പ്രതീക്ഷിക്കുന്നുണ്ട്. സമ്പൂർണ്ണമായ ആന്തരിക നവീകരണവും പുതിയ സൃഷ്ടിയാകാനുള്ള തയ്യാറെടുപ്പും. നമ്മുടെ ബലി കളും കാഴ്ചകളും ദൈവതിരുമുൻപിൽ സ്വീകാര്യമാകണമെങ്കിൽ അനുതാപമുള്ള ഒരു ഹൃദയം നമുക്കുണ്ടായിരിക്കണം. അനുദിനമുള്ള ആത്മപരിശോധനയും അടുത്തുള്ള കുമ്പസാരവും ഇതിന് നമ്മെ ഒത്തിരി സഹായിക്കുന്നുണ്ട്.

രണ്ടാമതായി, സഹോദരങ്ങളുമായി രമ്യതപ്പെ ടാൻ ആത്മാർഥമായി പരിശ്രമിക്കണം. യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനം നമ്മെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. അതുകൊണ്ടു ദൈവസ്നേഹത്തിന് അടിസ്ഥാനമായും പരസ്നേഹം നിലകൊള്ളുന്നു. തകർന്ന ബന്ധങ്ങൾക്കും മുറിവേറ്റ കൂട്ടുകെട്ടുകൾക്കും മധ്യേ മുറിവുണക്കുന്നവരും സൗഖ്യം പകരുന്നവരുമായിത്തീരാനാണ് നമ്മുടെ വിളിയും നിയോഗവും. അതുവഴി, ക്രിസ്തുവിന്റെ പരിമളമായി നാം രൂപാന്തരപ്പെടുന്നു. അതുകൊണ്ട് സഹോദര സ്നേഹത്തിലും സേവനമനോഭാവത്തിലും അനുദിനം വളർന്നുവരാനുള്ള കൃപയ്ക്കായി നമുക്ക് ഈശോയോടു പ്രാർഥിക്കാം.

# Church Schedule

### HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

### HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

### NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

### CONFESSION

Everyday before Holy Qurbana

### RELIGIOUS EDUCATION

Sunday: 10:00AM

### ADORATION CHAPEL

9:00AM - 9:00 PM




## ആറാം ഞായർ

## പശ്ചാത്തപിക്കാത്തവൻ നശിക്കും

### Scripture Reading:

**St Peter & Paul Koodarayogam**

നിയ 4:1–8
ദൈവകല്പനകളോട് വിശ്വസ്തരായിരിക്കുക.

ഏശ 2:1–5
ജറുസലേം രക്ഷാകേന്ദ്രം.

1 കോറി 10:23–31
സർവ്വതും ദൈവമഹത്വത്തിന്.

ലൂക്കാ 12:57–13:5
പശ്ചാത്തപിക്കാത്തവൻ നശിക്കും

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

July 20: Parish Day
July 30- Aug 1: CCD Summer Camp
August 3 : Main Feast: Flag Hoisting
August 10: Main Parish Feast
August 15: Assumption of Our Lady
August 21: Feast of St. Pius X
August 28: Feast of St. Augustine
September 1: Eight days fast begins
September 5: Feast of St. Theresa of Calcutta
September 8: Nativity of Bl. Virgin Mary

# A CALL TO REPENTANCE AND RENEWAL THE URGENCY OF CONVERSION IN CHRIST



As we enter the Sixth Sunday of the Season of the Apostles, the Church offers us a powerful call to self-examination and repentance through the Gospel of Luke, chapter 12, beginning at verse 57. In today's Gospel, Jesus speaks in response to two contemporary events that underscore the necessity of repentance and personal conversion.

We hear about Pilate's violent execution of Galileans who had come to Jerusalem for worship, and the tragic collapse of the tower in Siloam, which killed eighteen people. Rather than interpreting these as punishments for sin, Jesus urges us to see them as divine invitations—a call to repentance for all. He warns, "Unless you repent, you will all perish just as they did."

These stories serve to remind us that spiritual ruin—the failure to repent and change—is the true tragedy. The Gospel challenges us to transform our ways of thinking and living, and to read the signs of the times as opportunities for inner renewal.

As we reflect on these events, we are reminded of the words of Pope John Paul II during the Jubilee Year, when he publicly asked forgiveness for the Church's past failings. He said, "The greatest evil of the modern world is sin without a sense of guilt." This highlights how often people try to rationalize sin rather than face it with true contrition.

The First Reading and the Responsorial Psalm today call us to remain close to the Lord by observing His commandments. Paul, in his First Letter to the Corinthians, urges us to do all things for the glory of God.

Today's Gospel demands two responses:

***A contrite heart and a sincere return to God.***

Jesus expects a transformation through inner renewal and a readiness to become a new creation. Our sacrifices and worship become acceptable to God only when they come from a heart filled with repentance. Daily self-examination and frequent confession help us stay rooted in this grace.

***A commitment to reconcile with our brothers and sisters.***

St. John the Apostle reminds us: "If we love one another, God lives in us." Thus, fraternal love becomes the foundation for divine love. We are called to be peacemakers and healers in broken relationships. By doing so, we become the fragrance of Christ in the world.

Let us therefore pray for the grace to grow daily in love and service, to become renewed in heart, and to live as true disciples in constant conversion.

# St. Mary's Knanaya Catholic Parish, Chicago

www.smkcparish.us



## PARISH DAY CELEBRATIONS

## Sunday July 20th, 2025 at 10.00am

**Pontifical Holy Mass by Mar Joy Alappatt**

**Wedding Anniversary Recognitions :**

*Honoring couples celebrating:*

*15 years, 25 years (Silver Jubilee)*


*50 years & above (Golden and beyond)*

**Fun Games & Activities**

*For all age groups*

**Festive Lunch**





Fr. Thomas Mulavanal
Vicar General



Fr. Siju Mudakodil
Vicar



Fr. Anish Maveliputhenpura
Asst. Vicar



Sr. Shalom S.V.M.
Secratary



Sabu Kattapuram
Trustee Coordinator



Binu Poothurayil
Trustee



Lukose Poozhikunnel
Truste



George Mattathilparambill
Trustee



Nibin Vettikkattil
Youth Trustee



James Mannakulathil
Accountant



Sunny Meledom
Parish Council Secratry



Anil Mattathikunnel
P.R.O



Binu Kaithakkathottiyil
Pgm Committee Chairman



Stephen Kizhakkekuttu
Pgm Committee Member



Stephen Chollampel
Pgm Committee Member



Tomy Palliyarathundathil
Pgm Committee Member



Mini Edakara
Pgm Committee Member



Tessy Njaravelil
Pgm Committee Member




# FAITH FEST

## 2025


## Summer Camp

July 30th, July 31st, & August 1st
(Wednesday-Friday)

Held at:
St. Mary's Knanaya Catholic Church

# St. Mary's
# Knanaya Catholic Parish of Chicago










## പരിശുദ്ധ ദൈവമാതാവിന്റെ ദർശനതിരുനാൾ

**2025 August 3, Sunday - August 11, Monday**

മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപെടുന്ന ഈ വർഷത്തെ പരിശുദ്ധ ദൈവമാതാവിന്റെ ദർശന തിരുനാളിൽ പ്രസുദേന്തിമാരായ എല്ലാ കുടുംബങ്ങളിലെയും പുരുഷന്മാർ, തിരുനാൾ ഒരുക്കങ്ങളിൽ പങ്കുചേരണമെന്ന് മെൻ മിനിസ്ട്രി കോർഡിനേറ്റേഴ്സ് അറിയിക്കുന്നു. അതോടൊപ്പം തിരുനാൾ ദിവസങ്ങളിൽ കൂടാരയോഗങ്ങളുടെയും ഇടവകയിലെ വിവിധ മിനിസ്ട്രികളുടെയും ആഭിമുഖ്യത്തിൽ നടത്തപെടുന്ന കലാസന്ധ്യകളിൽ പങ്കുചേരുവാനായി ഏവരെയും ക്ഷണിക്കുന്നു. കലാപരിപാടികൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ അതാത് കൂടാരയോഗം കോർഡിനേറ്റേഴ്സുമായോ, മിനിസ്ട്രി കോർഡിനേറ്റേഴസുമായോ ബന്ധപെടപെടേണ്ടതാണ്.